അഴീക്കോട് നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡ്

85. [1900] ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡിന്റെ നിർമ്മാണപ്രവർത്തനം എന്ന് തുടങ്ങി ; പണി പൂർത്തിയായോ ; ഇല്ലെങ്കിൽ സ്തംഭനാവസ്ഥയുടെ കാരണം വ്യക്തമാക്കാമോ ;

(ബി) റോഡിന്റെ പ്രവൃത്തി സംബന്ധിച്ച് കരാറുകാരന് എന്തു തുക ഇതിനകം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1994 ജൂലൈ മാസം പണി ആരംഭിച്ചു. ഇതുവരെ പണി പൂർത്തിയായിട്ടില്ല. റോഡിന്റെ മണ്ണപണിയും കലുങ്കു നിർമ്മാണവും കഴിഞ്ഞു. 3½ കി. മീറ്റർ ദൂരത്തിൽ ഒരു മെറ്റലിംഗ് കഴിഞ്ഞു. കരാറുകാരന്റെ സാമ്പത്തിക പ്രയാസംമൂലമാണ് പണി പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടത്.

(ബി) ഇതുവരെ കരാറുകാരന് തുകയൊന്നും നൽകിയിട്ടില്ല.

ചെമ്മക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ് തരിയൽമുക്ക് റോഡ്

86. [1904] ശ്രീമതി അൽഫോൺസാ ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചാലുംമൂട്-പെരുമൺ, അഞ്ചാലുംമൂട്-കുണ്ടറ എന്നീ പ്രധാന പി.ഡബ്ലിയു.ഡി. റോഡുകളുമായി ബന്ധിക്കുന്ന ചെമ്മക്കാട് റെയിൽവെ ഓവർ ബ്രിഡ്ജ്-തരിയൽമുക്ക് റോഡ് യാത്രായോഗ്യം അല്ലാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഏറ്റെടുത്തശേഷം മാത്രമെ ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

പാലാംകടവ് പാലത്തിന് ഭരണാനുമതി

87. [1907] ശ്രീ. ടി. കെ. രാമകൃഷ്ണൻ :
,, എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട പാലാംകടവ് പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പാലം പണിയുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ടോ ;

(ബി) ഈ പാലത്തിന് 1995-96-ൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly